# തേനീച്ചകളാണ് അമ്പുവിന്റെ കമ്പവും ഉദയന്റെ ഉയിരും



തേനീച്ച കോളനിയിൽ നിന്നും തേൻ ശേഖരിക്കുന്ന അമ്പുവും ഉദയനും

ജാബിർ കുന്നിൽ

കാസർകോട്: ചെറുതേനീച്ച വളർത്തു രംഗത്ത് ശ്രദ്ധ നേടുകയാണ് കാറഡുക്ക കൊട്ടംകുഴി പാണ്ണൂർ കൊച്ചിയിലെ കെ. ഉദയനും പന്നപ്പലം വീട്ടിൽ അമ്പുവും. പാണ്ണൂർ കൊച്ചി പ്രദേശത്തെ സമ്പുർണ്ണ തേനീച്ച വളർത്തു ഗ്രാമമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് ഇരുവരും. ഇതിന് സർവ്വവിധ സഹായങ്ങളും വാഗ്ദാനം നൽകി പഞ്ചായത്ത്-കൃഷിഭവൻ അധികൃതർ രംഗത്തുവന്നതോടെ ഇരുവരുടെയും സന്തോഷം തേൻ പോലെ മധുരിക്കുകയാണ്.

കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവർ ജോലി ചെയ്തു വരുന്ന കെ. ഉദയൻ സി.പി.സി.ആർ.ഐ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടന്ന വിദഗ്ധരുടെ ക്ലാസിൽ പങ്കെടുത്തതോടെയാണ് ഈ രംഗത്ത് സജീവമാവാൻ വഴിയൊരുക്കിയത്.

അതിനിടെയാണ് വീടിന് രണ്ട് കിലോമീറ്റർ അകലെയുള്ള അമ്പുവിനെ കുറിച്ച് അറിയുന്നത്. പാരമ്പര്യമായി ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നയാളായിരുന്നു അമ്പു. കാൽ നൂറ്റാണ്ടോളം കാലമായി അമ്പു തേനീച്ച വളർത്തി വരികയാണ്. ഉദയനിൽ നിന്നും കേട്ടറിഞ്ഞതോടെ അമ്പുവും പരിശീലനക്ലാസിൽ പങ്കെടുത്തു. ഇതോടെ ശാസ്ത്രീയമായ രീതിയിൽ തേനീച്ച വളർത്താൻ അമ്പുവും പരിശീലിച്ചു. പിന്നെ ഇരുവരുടെയും പ്രവർത്തനം പരസ്പരം സഹകരിച്ചായി. അങ്ങനെ 'യൂണിക് ഹണി' എന്ന പേരിൽ ഇവർ സ്വന്തം ബ്രാന്റ് ഉണ്ടാക്കി.

പൊള്ളയായ തടിയിലും ഭിത്തികളിലെ വിടവുകളിലുമൊക്കെ കൂടുണ്ടാക്കി കണ്ടുവരുന്ന ചെറുതേനീച്ചകളെ ശേഖരിക്കാനായി അവധി ദിനങ്ങളിലും ജോലി കഴിഞ്ഞുള്ള ഇടവേളകളിലും ഉദയൻ അമ്പുവിനൊപ്പം നാട്ടിൻ പുറങ്ങളിലാകെ തേടി നടക്കും. ഇങ്ങനെ പുറപ്പെട്ട വേളകളിലൊക്കെ മൂന്ന് തേനീച്ച കോളനികളെങ്കിലും കിട്ടാതിരിക്കില്ലെന്ന് ഇവർ പറയുന്നു.

ഔഷധഗുണവും ആയുർവേദത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതുമായ ചെറുതേനീച്ച രംഗത്താണ് കൂടുതലും



കാറഡുക്ക പാണ്ണൂർ കൊച്ചിയിലെ കെ. ഉദയനും പി. അമ്പുവും

ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ധാരാളം രോഗങ്ങൾക്ക് നിവാരണവും മനുഷ്യശരീരത്തിന് ആവശ്യമായ മിക്ക മൂലകങ്ങളുമടങ്ങിയ ഈ തേൻ തേടി ദിനേന ഒട്ടേറെ പേർ ഇവരുടെ വീടുകളിലെത്തുന്നുണ്ട്.

വീട്ടിലെത്തുന്ന അതിഥികളെ വരവേൽക്കുന്നതും തേൻ ചേർത്ത പാനീയം സമ്മാനിച്ചാണ്. ബസ് ഡ്രൈവറും തേനീച്ച കർഷകനുമൊക്കെയായാണ് നാട്ടുകാർക്കിടയിൽ അറിയപ്പെടുന്നതെങ്കിലും നല്ലൊരു കർഷകൻ കൂടിയാണ് ഉദയൻ. വീട്ടിലേക്കാവശ്യമായ പച്ചക്കറികളൊക്കെ സ്വന്തമായി ഉൽപാദിപ്പിക്കുകയാണ്. വീടിന്റെ ടെറസിൽ ഉദയൻ നട്ടുവളർത്തിയ പാവക്ക, പടവലങ്ങ, കോവക്ക തുടങ്ങിയ വിളകളൊക്കെ വീടിനെത്തന്നെ മനോഹരവൽക്കരിക്കുന്നു. അതൊടൊപ്പം താഴ്ഭാഗത്ത് ചീര, മധുരക്കിഴങ്ങ്, കപ്പ, വെറ്റില എന്നിവയും ഉൽപാദിപ്പിക്കുന്നുണ്ട്. അതൊടൊപ്പം കാസർകോട് കുള്ളൻ ഇനം പശുവിനെയും വളർത്തിവരുന്നുണ്ട്. എല്ലാത്തിനും സഹായം നൽകി ഭാര്യ രമണി കൂട്ടിനുണ്ട്. അമ്പുവിന്റെ കാര്യവും വ്യത്യസ്തമല്ല. വീടിനോട് ചേർന്നുള്ള വിശാലമായ സ്ഥലത്ത് നിരവധി പച്ചക്കറി ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നുണ്ട്. ഭാര്യ ഷൈലജ സഹായവുമായി ഒപ്പമുണ്ടാവും.